"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് - 2023-24 വർഷം ബഡ്ജറ്റിൽ നോൺ പ്ലാൻ സാലറി ഇനത്തിൽ നീക്കിയിരുപ്പ് തുകയിൽ നിന്നും രണ്ടാമത്തെ ഗഡുവായി 767 ലക്ഷം രൂപ റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

G.O.(Rt)No.489/2023/ID തീയതി,തിരുവനന്തപുരം, 26-05-2023

---

പരാമർശം:- 1. സ.ഉ.സാധാ നം.296/2023/വ്യവ. തീയതി 12-04-2023.

2. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ 04 052023 - ലെ കെ.ബി.2371/2019/എ8 നമ്പർ കത്ത്.

<u>ഉത്തരവ്</u>

2023-24 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് നോൺ പ്ലാൻ സാലറി ഫണ്ടിനത്തിൽ "2851-00-105-99-31-KK&VI Board- Administrative Expenses (NP)" എന്ന ശീർഷകത്തിലെ നിലവിലെ നീക്കിയിരുപ്പിൽ നിന്നും ബോർഡിലെ ജീവനക്കാർക്ക് 2023 മെയ്, ജൂൺ മാസങ്ങളിലെ ശമ്പളം, പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് 12,20,00,000/-രൂപ അനുവദിക്കണമെന്ന് ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "2851-00-105-99-31-KK&VI Board- Administrative Expenses (NP)" എന്ന ശീർഷകത്തിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിലെ രണ്ടാം ഗഡുവായി 767 ലക്ഷം രൂപ (ഏഴ് കോടി അറുപത്തി ഏഴ് ലക്ഷം രൂപ) ഖാദി ഗ്രാമ വ്യവസായ ബോർഡിലെ ജീവനക്കാർക്ക് 2023 മെയ്, ജൂൺ മാസങ്ങളിലെ ശമ്പളം, പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി താഴെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി റിലീസ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

i.അനുവദിക്കുന്ന തുക ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടുള്ളതല്ല.

ii. ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് മാത്രം വിനിയോഗിക്കേണ്ടതും, വക മാറ്റി ചെലവഴിക്കാൻ പാടില്ലാത്തതുമാകുന്നു.

*iii. 09.12.2008 ലെ 84/2008/ധന, 29.08.2009-ലെ 75/2009/ധന, 30.01.2018 - ലെ 08/2018/ധന, 16.06.2018 - ലെ 53/2018/ധന* നമ്പർ പരിപത്രങ്ങളിൽ വിവക്ഷ ചെയ്തിരിക്കുന്ന

നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

iv. തുടർന്നുള്ള ഫണ്ട് റിലീസിനായുള്ള നിർദ്ദേശങ്ങളിൽ അനുവദിച്ച തുകയെ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ചെലവിനെ സംബന്ധിച്ചുള്ള ഇനം തിരിച്ചുള്ള സാക്ഷ്യപത്രവും G.O.(Ms)No.04/2020/Fin dated 09.01.2020 നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്ന നിശ്ചിത മാതൃകയിൽ സമർപ്പിക്കേണ്ടതാണ്.

v. Loan Monitoring and Fund Management System സംബന്ധിച്ച് G.O.(P) No.157/2021/Fin dated 26.11.2021 & G.O.(P)No.171/2021/Fin dated 18.12.2021 എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

3. വ്യവസായ വാണിജ്യ ഡയറക്ടർ / അഡീഷണൽ ഡയറക്ടർ തുക പിൻവലിച്ച് ഖാദി ബോർഡ് സെക്രട്ടറിക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMAN BILLA
PRINCIPAL SECRETARY

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം
വ്യവസായ വാണിജ്യ ഡയറക്ടർ / അഡീഷണൽ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ്ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കെ-ബിപ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(**24-05-2023** ലെ **PU-D1/31/2023-Fin** നമ്പർ കുറിപ്പ് പ്രകാരം)
ഐ&പിആർ വകുപ്പ് (ജി.ഒ ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ (കെ/101/2023/വ്യവ)

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 27-05-2023 10:47:04
സെക്ഷൻ ഓഫീസർ